# COMMISSION FOR CATECHETICS

*(Archeparchy of Kottayam)*

Rev. Dr. Bressan Ozhungalil
Chairman
E-Mail:frbressanj@gmail.com
Mob: 9495080049

Knanaya Catholic Chaithanya Pastoral Centre
Thellakom P.O., Kottayam- 686 630
Phone : 0481 - 2791098
E-Mail:catechismktm@gmail.com


## STD X

പാഠം 1

## സഭ സ്വഭാവത്താലേ പ്രേഷിത

1. ഈശോ ശ്ലീഹന്മാർ വഴി സഭയെ ഭരമേൽപ്പിച്ച ദൗത്യം എന്താണ്?
സുവിശേഷപ്രഘോഷണം

2. എന്തായിരുന്നു പുത്രനായ ഈശോയുടെ പ്രേഷിതദൗത്യം?
പിതാവിന്റെ ഇഷ്ടം നിറവേറ്റുക

3. മിഷനറി എന്ന പദത്തിന്റെ അർത്ഥം എന്ത്?
അയക്കപ്പെട്ടവൻ

4. സുവിശേഷം ശ്രവിക്കുന്നവരെ അത് സ്വീകരിക്കുവാൻ സന്നദ്ധരാക്കുന്നത് ആരാണ്?
പരിശുദ്ധാത്മാവ്

5. സഭയുടെ പ്രേഷിത സ്വഭാവത്തിന് അടിസ്ഥാനം എന്ത്?
പരിശുദ്ധത്രിത്വം

6. ദൈവപിതാവിന്റെ സുവിശേഷമാണ്...................
ഈശോ

7. സഭയുടെ ശുശ്രൂഷകളുടെ എല്ലാം ലക്ഷ്യം................. ആണ്
സുവിശേഷപ്രഘോഷണം

8. ഈശോ തന്റെ ദൗത്യം പൂർത്തിയാക്കിയതെങ്ങനെ?
ഈശോ തന്റെ ജനനം, ജീവിതം, പ്രബോധനം, അത്ഭുതങ്ങൾ, പീഡാനുഭവം, മരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നിവ വഴി

9. മിഷൻ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
മിശിഹായെക്കുറിച്ച് കേട്ടിട്ടില്ലാത്ത ജനതകളോടും സമൂഹങ്ങളോടും സുവിശേഷം പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്യുക.

10. സഭ സാർവത്രിക രക്ഷയുടെ കൂദാശ എന്ന് പറയുന്നതെന്തുകൊണ്ട്?
ഈശോയിൽ നിന്നും ദൗത്യം സ്വീകരിച്ച സഭ അവിടുത്തെ രക്ഷാകര പദ്ധതിയിൽ സഹകരിച്ച് മനുഷ്യരെ രക്ഷയിലേക്ക് നയിക്കുന്നു.